**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജോയിൻറ് ഡയറക്ടറുടെ കാര്യാലയം,**
**ടൗൺപ്ലാനിംഗ് വിഭാഗം,തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം - അമ്പൂരി ഗ്രാമപഞ്ചായത്ത് വാഴിച്ചൽ വില്ലേജിൽ ഗ്രൂപ്പ് I occupancy ൽ ഉൾപ്പെടുന്ന ക്രഷർ യൂണിറ്റ് നിർമ്മാണം കെട്ടിടങ്ങളുടെ ലേ-ഔട്ടിനും സ്ഥലത്തിൻറെ ഉപയോഗ ത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം 1. അമ്പൂരി ഗ്രാമപഞ്ചായത്തിൻറ 08.12.2022 ലെ കത്ത്.

2. Travancore Granite Private Ltd ൻറെ 15.02.2023, 22.05.2023, എന്നീ തീയതികളിലെ അപേക്ഷകൾ

**<u>ഉത്തരവ് നമ്പർ LSGD/JD/TVM/698/2023-P1 04-07-2023</u>**

അമ്പൂരി ഗ്രാമപഞ്ചായത്തിൽ കാട്ടാക്കട താലൂക്കിലെ വാഴിച്ചൽ വില്ലേജിൽ ഉൾ പ്പെടുന്ന 171/7-1, 175/17, 172/3-1, 172/6, 172/7 എന്നീ റീ സർവ്വേ നമ്പരുകളിലെ 127.18 ആർ വസ്തുവിൽ 1081.95 ച.മി തറ വിസ്തീർണമുള്ള ഗ്രൂപ്പ് I occupancy ൽ ഉൾപ്പെടുന്ന Hazardous - ക്രഷർ യൂണിറ്റ് ലേ ഔട്ട് അനുമതിക്കായി ശ്രീ. ബിജു ജേക്കബ്, മാനേജിംഗ് ഡയറക്ടർ ട്രാവൻകൂർ ഗ്രാനൈറ്റ്സ് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൻറെ അടിസ്ഥാന ത്തിൽ K P B R ചട്ടം 30 Table 11 പ്രകാരം കെട്ടിടങ്ങളുടെ ലേ-ഔട്ടിനും സ്ഥലത്തിൻറെ ഉപയോഗത്തിനും താഴെ വിവരിക്കുന്ന വ്യവസ്ഥയ്ക്കും വിധേയമായി അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 (KPBR-2019), ചട്ടം 5 (6) (1) (a), (b) എന്നിവ പ്രകാരം ഉള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമ്മാണം KPBR -2019 നും നാളിതുവരെയുള്ള ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾ ക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ചു ഉറപ്പു വരുത്തിയി രിക്കണം.
2. നിർമ്മാണസ്ഥലത്തിൻറെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നും, നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ലെന്നും ഉറപ്പുവരുത്തണം. 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
3. പ്രസ്തുത സ്ഥലത്ത് ലഭ്യമായ സ്വാഭാവിക ജലനിർഗമന മാർഗ്ഗങ്ങൾ ജലനിർഗമനത്തിനു തടസം സൃഷ്ടിക്കാതെ പരിപാലിക്കണം. നിർദ്ദിഷ്ട ലേ - ഔട്ടിൽ ഡ്രെയിനേജി നുള്ള നിയമാനുസൃത സൗകര്യം നല്കിയിരിക്കണം. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ/സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിക്കരുത്.
4. പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണം ഗ്രാമപഞ്ചായത്ത് അസസ്മെൻറ് രജിസ്റ്ററിൽ രേഖപ്പെടു ത്തിയിരിക്കുന്ന വിസ്തീർണ്ണവുമായി പൊരുത്ത പ്പെടുന്നു എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
5. KPBR ചട്ടം 5(4) പ്രകാരം നിഷ്കർഷിക്കുന്ന (Pollution control board, ഫയർ തുടങ്ങിയ എജൻസികളിൽ നിന്ന്) ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

6. KPBR -2019 ചട്ടം 10 പ്രകാരം പ്രസ്തുത സ്ഥലത്തു Earth work നടത്തുന്ന പക്ഷം ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതു ആവശ്യമാകുന്ന പക്ഷം ബന്ധപ്പെട്ട അധികാരികളിൽ നിന്നും NOC ലഭ്യമാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
7. KPBR ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിൻറെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
8. KPBR ചട്ടം 28(1) proviso (8) പ്രകാരം നിലവിലുള്ളതും നിർദിഷ്ടവുമായ Magazine ഏരിയ ക്ക് ചട്ടം പ്രകാരമുള്ള അക്സസ്സ് വിഡ്ത് ഉണ്ടോ എന്നും കൂടാതെ ചട്ടം 28(1) proviso (9) പ്രകാരമുള്ള ആന്തരിക വീതി കെട്ടിടങ്ങൾക്ക് ഉണ്ട് എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
9. KPBR -2019 ചട്ടം 34 – Sanitation Facilities പ്രകാരമുള്ള എല്ലാ സൗകര്യങ്ങളും കെട്ടിടത്തിന് നൽകിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ട താണ്
10. KPBR 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
11. നിർമ്മാണം KPBR 2019 ചട്ടം 79, 79A എന്നിവയ്ക്ക് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

22/2023 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം അയയ്ക്കുന്നു.

ANJU ... 
TOWN PLANNER (I/C)

ഉള്ളടക്കം: മേൽപ്രസ്താവിതം

സ്വീകർത്താവ്
സെക്രട്ടറി
അമ്പൂരി ഗ്രാമപഞ്ചായത്ത്

DESPATCHED
on 07/07/2023

പകർപ്പ്: (അറിവിലേയ്ക്കായി)

1)Sri Biju Jacob
Travancor Granites Pvt Ltd.
P T C Tower,S S Covil Road
Thiruvananthapuram.

2)കരുതൽ ഫയൽ

3)ഫയൽ